**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3030** **25-06-2024 - ൽ മറുപടിയ്ക്ക്**

**കുണ്ടറ മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുണ്ടറ നിയോജക മണ്ഡലത്തിൽ നിലവിലുള്ള കുടിവെള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ; | (എ) | കുണ്ടറ നിയോജക മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന, കുണ്ടറ പേരയം എന്നീ പഞ്ചായത്തുകൾക്ക് നിലവിൽ BAWSS to Kundara & adjoining villages എന്ന കുടിവെള്ള പദ്ധതിയിലെ 16 MLD ജല ശുദ്ധീകരണ ശാലയിൽ നിന്നും കുടിവെള്ള വിതരണം നടത്തി വരുന്നു. ഇളമ്പള്ളൂർ പഞ്ചായത്തിൽ RWSS to Elampalloor എന്ന കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി മാമച്ചൻകാവ് എന്ന സ്ഥലത്ത് കുഴൽക്കിണറും, പുനുക്കന്നൂർ ഹരിജൻ കോളനിയിൽ കിണറും, കൂടാതെ പുനുക്കന്നൂർച്ചിറ സ്രോതസ്സാക്കി 3 MLD ജല ശുദ്ധീകരണ ശാലയിൽ നിന്നും കുടിവെള്ള വിതരണം നടത്തി വരുന്നു.<br><br>കൂടാതെ നെടുമ്പന പഞ്ചായത്തിൽ JICA പദ്ധതിയും, തൃക്കോവിൽവട്ടം പഞ്ചായത്തിൽ തൃക്കോവിൽവട്ടം ജലവിതരണ പദ്ധതിയും, പെരിനാട്, കൊറ്റങ്കര പഞ്ചായത്തുകളിൽ നിലവിലുള്ള 20 കുഴൽ കിണറിൽ നിന്നുള്ള ജലവും ഉപയോഗിച്ചാണ് ജലവിതരണം നടത്തി വരുന്നത്.<br><br>കുണ്ടറ നിയോജക മണ്ഡലത്തിലെ കൊറ്റങ്കര, ഇളമ്പള്ളൂർ, തൃക്കോവിൽവട്ടം എന്നീ ഗ്രാമ പഞ്ചായത്തുകളിലായി ഭൂജല വകുപ്പ് 3 കുഴൽ കിണറുകൾ നിർമ്മിച്ച് കേരള വാട്ടർ അതോറിറ്റിയ്ക്ക് കൈമാറിയിട്ടുണ്ട്. |
| (ബി) | ഞാങ്കടവ് കുടിവെള്ള പദ്ധതിയുടെ ഭാഗമായുള്ള പെരിനാട് കുടിവെള്ള പദ്ധതിയുടെ നിലവിലെ പ്രവർത്തന പുരോഗതി വിശദമാക്കാമോ; | (ബി) | പെരിനാട് പഞ്ചായത്തിലേയ്ക്കുള്ള 5552 കുടിവെള്ള കണക്ഷനുകൾ നല്കുന്നതിന്റെയും, 70.8 കിലോമീറ്റർ വിതരണ ശൃംഖല സ്ഥാപിക്കുന്നതിന്റെയും പ്രവൃത്തി പുരോഗമിക്കുന്നു. നാളിതുവരെ 880 കണക്ഷനുകൾ നൽകിയിട്ടുണ്ട്. 32.72 കിലോമീറ്റർ വിതരണ ശൃംഖല സ്ഥാപിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പെരിനാട് 16 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജലശുദ്ധീകരണ ശാലയും, 15 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണിയും നിർമിക്കുന്ന പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ച് work order നൽകിയിട്ടുണ്ട്. എത്രയും പെട്ടെന്ന് എഗ്രിമെന്റിൽ ഏർപ്പെട്ട് പ്രവൃത്തികൾ ആരംഭിക്കാൻ കരാറുകാരന് നിർദേശം നൽകിയിട്ടുണ്ട്. ജല ജീവൻ മിഷൻ പദ്ധതി പ്രകാരമുള്ള പഞ്ചായത്തു തല വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | കുണ്ടറ നിയോജകമണ്ഡല പരിധിയിൽ നിലവിൽ എവിടെയെല്ലാമാണ് കുടിവെള്ള ടാങ്കുകളുടെ നിർമ്മാണം നടക്കുന്നതെന്ന് വ്യക്തമാക്കുമോ; അവയുടെ നിർമ്മാണപുരോഗതി വിശദമാക്കാമോ? | (സി) | പെരിനാട് പഞ്ചായത്തിലെ ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 15 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണി നിർമിക്കുന്ന പ്രവൃത്തി നടപ്പിലാക്കുന്നുണ്ട്. ഈ പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ച് work order നൽകിയിട്ടുണ്ട്. എത്രയും പെട്ടെന്ന് എഗ്രിമെന്റിൽ ഏർപ്പെട്ട് പ്രവർത്തികൾ ആരംഭിക്കാൻ കരാറുകാരന് നിർദേശം നൽകിയിട്ടുണ്ട്.<br><br>കൊറ്റങ്കര പഞ്ചായത്തിൽ മാമ്പുഴ, മേക്കോൺ എന്നീ സ്ഥലങ്ങളിൽ ആണ് കുടിവെള്ള ടാങ്കുകളുടെ (OHSR) നിർമാണ പ്രവൃത്തികൾ നടക്കുന്നത്. മാമ്പുഴയിൽ പ്രവൃത്തി പുരോഗമിക്കുന്ന 3 ലക്ഷം ലിറ്റർ ജലസംഭരണിയുടെ floor slab കോൺക്രീറ്റ് പ്രവൃത്തി പൂർത്തീകരിച്ചു. മേക്കോണിൽ നിർമിക്കേണ്ട 8.5 ലക്ഷം ലിറ്റർ ശേഷിയുള്ള ജലസംഭരണിയുടെ setout പ്രവൃത്തി നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| പഞ്ചായത്ത് | ഭരണാനുമതി തുക (ലക്ഷം രൂപ) | ഭരണാനുമതി ലഭിച്ച കണക്ഷൻ | JJM തുടങ്ങിയതിനു ശേഷം നൽകിയ കണക്ഷൻ |
|---|---:|---:|---:|
| ഇളമ്പള്ളൂർ | 2133.70 | 7778 | 6090 |
| കൊറ്റങ്കര | 6812.69 | 10141 | 6807 |
| കുണ്ടറ | 1595.00 | 2476 | 2570 |
| നെടുമ്പന | 2299.68 | 12110 | 9186 |
| പേരയം | 1622.30 | 4414 | 2859 |
| പെരിനാട് | 5721.20 | 6786 | 2387 |
| തൃക്കോവിൽവട്ടം | 2820.27 | 13785 | 9352 |
| **ആകെ** | **23004.84** | **57490** | **39251** |